LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത കേസിൽ ദേശീയകക്ഷിയുടെ നേതാക്കളായ 1. ശ്രീ. മണികണ്ഠറായ്, ബി.ജെ.പി. കാസർഗോഡ് ജില്ലാ ജനറൽ സെക്രട്ടറി, 2. ശ്രീ. സുനിൽ നായ്ക്, യുവമോർച്ച ഭാരവാഹി, കോഴിക്കോട് ജില്ല, 3. ശ്രീ. ലോകേഷ് നോണ്ട, ബി.ജെ.പി. പൈവളികെ പഞ്ചായത്ത് മണ്ഡലം പ്രസിഡന്റ്, 4. ശ്രീ. മുരളീധരൻ, ബിജെപി മഞ്ചേശ്വരം നിയോജക മണ്ഡലം ജനറൽ സെക്രട്ടറി, 5. ശ്രീ. സുരേഷ് നായ്ക്, ബി.ജെ.പി. മഞ്ചേശ്വരം നിയോജക മണ്ഡലം സെക്രട്ടറി എന്നിവരെ ചോദ്യം ചെയ്തിട്ടുണ്ട്.

മാധവൻ നമ്പ്യാർ കമ്മിറ്റി

65 (4789) ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പ്രിംഗ്ലർ വിഷയവുമായി ബന്ധപ്പെട്ട മാധവൻ നമ്പ്യാർ കമ്മിറ്റിയുടെ കണ്ടെത്തലുകൾ വിശദമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

&

(ബി) മാധവൻ നമ്പ്യാർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പഠിക്കാൻ സർക്കാർ വേറെ ഏതെങ്കിലും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും കമ്മിറ്റിയുടെ ഘടനയും എന്നാണ് കമ്മിറ്റി രൂപീകരിച്ചതെന്നും വ്യക്തമാക്കാമോ;

മാധവൻ നമ്പ്യാർ കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ മൂന്നംഗ സമിതിയെ നിയമിച്ചിരുന്നു. സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. റിപ്പോർട്ടുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) പ്രസ്തുത കമ്മിറ്റിക്കുവേണ്ടി എത്ര തുക ചെലവായിട്ടുണ്ടെന്നും കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിക്കുവേണ്ടി 5,27,830 (അഞ്ചു ലക്ഷത്തി ഇരുപത്തിയേഴായിരത്തി എണ്ണൂറ്റിമുപ്പതു രൂപ മാത്രം) രൂപ ചെലവായിട്ടുണ്ട്.

(ഡി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; എങ്കിൽ റിപ്പോർട്ട് എന്ന് സമർപ്പിക്കുമെന്ന് അറിയിക്കുമോ?

ബാധകമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.